നം - എൻ2/21836/2014/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തിയതി. 16/06/2014
Email: scholarshipdpi@gmail.com
Phone No. 0471 – 2328438

# സർക്കുലർ

വിഷയം :- പൊതു വിദ്യാഭ്യാസം - ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2014-15 - ജില്ലാവിദ്യാഭ്യാസ ആഫീസർ, ഉപജില്ലാവിദ്യാഭ്യാസ ആഫീസർ, സ്കൂളധികാരി എന്നിവർക്കുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 09/06/2014 ലെ ഇതേ നമ്പർ തീരുമാനം

## I <u>സ്കൂളധികാരിക്കുള്ള നിർദ്ദേശങ്ങൾ :-</u>

1. സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് (അംഗീകൃതം), അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ എന്നീ സ്കൂളുകളിലെ **I** മുതൽ **X** വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധിസ്റ്റ്, പാഴ്സി, ജൈൻ എന്നീ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെട്ട കുട്ടികൾക്കാണ് പ്രീ-മെട്രിക് സ്കോളർഷിപ്പ് (ന്യൂനപക്ഷ വിഭാഗം) പദ്ധതിപ്രകാരം അപേക്ഷ സമർപ്പിക്കുവാൻ അർഹതയുള്ളത്.
2. രക്ഷകർത്താക്കളുടെ വാർഷികവരുമാനം 1,00,000/- രൂപ (ഒരു ലക്ഷം രൂപ) വരെയുള്ളവരും മുൻവാർഷികപരീക്ഷയിൽ 50 ശതമാനമോ അതിൽ കൂടുതലോ മാർക്ക്/ഗ്രേഡ് കരസ്ഥമാക്കിയവരുമായ കുട്ടികൾക്കാണ് അപേക്ഷ സമർപ്പിക്കുവാൻ അർഹതയുള്ളത്. 1-ാം ക്ലാസ്സിലെ കുട്ടികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല.
3. ഒരു കുടുംബത്തിലെ പരമാവധി 2 കുട്ടികൾക്ക് മാത്രമേ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹതയുള്ളൂ.
4. **<u>അപേക്ഷയോടൊപ്പം കുട്ടിയുടെ മതം തെളിയിക്കുന്നതിന് സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, രക്ഷകർത്താവിന്റെ വരുമാനം തെളിയിക്കുന്നതിന്, സ്വന്തം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, ഉദ്യോഗമുള്ളവർ അതാത് സ്ഥാപനം നൽകുന്ന വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് (വരുമാനം, മതം എന്നിവ തെളിയിക്കുന്ന സത്യവാങ്മൂലങ്ങൾ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. മുദ്രപത്രം ആവശ്യമില്ല).</u>**
5. മുസ്ലീം/നാടാർ സ്കോളർഷിപ്പ്, പ്രീ-മെട്രിക് സ്കോളർഷിപ്പ് (ന്യൂനപക്ഷവിഭാഗം), പ്രീ-മെട്രിക് സ്കോളർഷിപ്പ് (ഒ.ബി.സി വിഭാഗം) തുടങ്ങിയ സ്കോളർഷിപ്പുകളിൽ (മെരിറ്റടിസ്ഥാനത്തിൽ അനുവദിക്കുന്നവ) ഏതെങ്കിലും ഒരു സ്കോളർഷിപ്പ് തുകയേ വിദ്യാർത്ഥി സ്വീകരിക്കാവൂ. **ഇവയിൽ ആദ്യം സ്വീകരിക്കുന്ന സ്കോളർഷിപ്പ് തുകയ്ക്ക് മാത്രമേ കുട്ടിക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ എന്ന വിവരം പ്രധാനാദ്ധ്യാപകർ നിർബന്ധമായും സ്കൂൾ അസംബ്ലി വഴി കുട്ടികളെ അറിയിച്ചിരിക്കേണ്ടതാണ്.**
6. പ്രീ-മെട്രിക് സ്കോളർഷിപ്പ് (ന്യൂനപക്ഷ വിഭാഗം) പദ്ധതി പ്രകാരം ലഭ്യമാകുന്ന അപേക്ഷകളിലെ വരുമാനം, മതം, മാർക്ക്/ഗ്രേഡ് എന്നിവയുടെ കൃത്യത ബന്ധപ്പെട്ട സ്കൂളധികാരി, ക്ലാസ്സദ്ധ്യാപകരുടെ സഹായത്തോടെ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. **സ്കൂൾ മാറിയിട്ടുള്ള അപേക്ഷകരുടെ മാർക്ക്/ഗ്രേഡ്, സ്റ്റാറ്റസ് (റിന്യൂവൽ/ഫ്രെഷ്) എന്നിവ മുമ്പ്**

പഠിച്ചിരുന്ന സ്കൂളിൽ നിന്നും നൽകിയ സർട്ടിഫിക്കറ്റുമായി ഒത്തുനോക്കി ഉറപ്പ് വരുത്തേണ്ടതാണ്.

7. അപേക്ഷകൾ പൂരിപ്പിക്കുന്നതിന് അദ്ധ്യാപകരും പ്രധാനാദ്ധ്യാപകരും വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായം നൽകേണ്ടതാണ്. വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ ഏതെങ്കിലും തെറ്റുകൾ കണ്ടെത്തിയാൽ ആയത് തിരുത്തി വാങ്ങുന്നതിനും, അപേക്ഷയിൽ പറയുന്ന കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിനും ക്ലാസ്സദ്ധ്യാപകർ പ്രധാനാദ്ധ്യാപകരെ സഹായിക്കേണ്ടതാണ്.

8. മുൻവർഷം പ്രീ-മെട്രിക് സ്കോളർഷിപ്പ് (ന്യൂനപക്ഷം) തുക ലഭിച്ച വിദ്യാർത്ഥികൾ ഹാജരാക്കുന്ന അപേക്ഷയിൽ **RENEWAL** കോളം മാർക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

9. എ **എൻ2/21836/14/ഡി.പി.ഐ നമ്പർ ഫോറത്തിലുള്ള പൂരിപ്പിച്ച അപേക്ഷകൾ മാത്രമേ** സ്വീകരിക്കാവൂ. UID Number ലഭിച്ചിട്ടുള്ളവർക്ക് ടി നമ്പർ അപേക്ഷയിൽ രേഖപ്പെടുത്താവുന്നതാണ്.

ബി. സ്കോളർഷിപ്പിന് അർഹത നേടുന്ന കുട്ടികളുടെ തുക, Direct Benefit Transfer ആയി ബാങ്ക് അക്കൗണ്ടിലൂടെ നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ, ഷെഡ്യൂൾഡ്/കൊമേർസ്യൽ ബാങ്കുകളിൽ നിന്നും ലഭ്യമാകുന്ന കുട്ടിയുടെയോ/കുട്ടിയുടെയും രക്ഷകർത്താവിന്റെയും പേരിലുള്ളതോ ആയ ബാങ്ക് അക്കൗണ്ട് നമ്പർ/ജോയിന്റ് ബാങ്ക് അക്കൗണ്ട് നമ്പർ, IFSC Code, ബാങ്കിന്റെ പേര്, ശാഖ പ്രവർത്തിക്കുന്ന സ്ഥലം എന്നീ വിവരങ്ങൾ അപേക്ഷയിലെ നിർദ്ദിഷ്ട കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്.

**അപേക്ഷ ഹാജരാക്കേണ്ട അവസാന തീയതിയ്ക്കു ശേഷവും, ബാങ്കുകളിൽ അക്കൗണ്ട് തുടങ്ങാവുന്നതും, ടി വിവരങ്ങൾ പ്രഥമാധ്യാപകൻ മുഖേന 'സംപൂർണ്ണയിൽ' Upload ചെയ്യാവുന്നതുമാണ്.**

10. 2014-15 ലെ അപേക്ഷ 2 പാർട്ടുകളായിട്ടാണ് രൂപപ്പെടുത്തിയിട്ടുള്ളത്. അതിലെ പാർട്ട് 2 സ്കൂളധികാരി ക്ലാസ്സദ്ധ്യാപകരുടെ സഹായത്തോടെ പൂരിപ്പിച്ച് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

11. രണ്ട് പാർട്ടുകളും പൂരിപ്പിച്ച ശേഷം ബന്ധപ്പെട്ട സ്കൂളധികാരിയുടെ ചുമതലയിൽ ടി അപേക്ഷകൾ **www.scholarship.itschool.gov.in** എന്ന വെബ്സൈറ്റിൽ ഓൺലൈൻ വഴി അപ്‌ലോഡ് ചെയ്യേണ്ടതാണ്. വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിക്കഴിഞ്ഞാൽ **വെരിഫൈഡ് ബട്ടൺ** അമർത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

12. അപേക്ഷകൾ 25/06/2014 മുതൽ ഓൺലൈനായി ഡി.പി.ഐ യ്ക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം ചെയ്യാവുന്നതും, 05/08/2014 ന് മുമ്പ് പൂർത്തീകരിക്കേണ്ടതുമാണ്. **അപേക്ഷകൾ ഓൺലൈൻ ചെയ്യുന്നതിന് ചെലവാകുന്ന തുക അപേക്ഷയൊന്നിന് ഒരു രൂപാ നിരക്കിൽ ഹെഡ്മാസ്റ്റർക്ക് നൽകുന്നതാണ്.**

13. 24/06/2014 ന് മുമ്പായി അതാത് വിദ്യാഭ്യാസ ജില്ലകളിലെ സെക്ഷൻ ക്ലാർക്കുമാർ, ഐ.ടി@സ്കൂൾ ജില്ലാതല മാസ്റ്റർ ട്രെയിനർമാർ എന്നിവർക്ക് **Login ID, Pass word, School Code** എന്നിവയുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതാണ്.

14. ഇന്റർനെറ്റ് സൗകര്യമില്ലാത്ത സ്കൂളധികാരികൾ അടുത്തുള്ള സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളുടെ സഹായത്തോടെ വേണം അപേക്ഷകൾ ഓൺലൈൻ ചെയ്യേണ്ടത്. മേൽപ്പറഞ്ഞ സൗകര്യം ലഭ്യമാക്കുന്നതിന് എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകൾക്കും ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ നിർദ്ദേശം നൽകേണ്ടതാണ്.

15. എല്ലാ ഹൈസ്കൂളുകളിലും ഇന്റർനെറ്റ് സൗകര്യമുള്ളതിനാൽ ടി സ്കൂളിലെ കുട്ടികൾക്ക് സ്കൂളധികാരി പരിശോധിച്ച് ഉറപ്പുവരുത്തിയ അപേക്ഷ ക്ലാസ്സദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ഓൺലൈൻ ചെയ്യാവുന്നതാണ്.

16. സ്വീകരിച്ച അപേക്ഷകൾ ഓൺലൈൻ ചെയ്യുന്ന മുറയ്ക്ക് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്യുന്ന ആപ്ലിക്കേഷൻ നമ്പർ അപേക്ഷയുടെ മുകൾഭാഗത്ത് രേഖപ്പെടുത്തേണ്ടതും, ആയത് അപേക്ഷകന് നൽകേണ്ടതുമാണ്. **തുടർന്നുള്ള സ്കോളർഷിപ്പ് സംബന്ധമായ അന്വേഷണങ്ങൾക്ക് പ്രസ്തുത ആപ്ലിക്കേഷൻ നമ്പർ ആവശ്യമാണ്**

17. സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ലഭിക്കുന്ന അപേക്ഷകൾ ഓൺലൈൻ ചെയ്തതിനുശേഷം അതാത് സ്കൂളുകളിൽ സൂക്ഷിക്കേണ്ടതും, **കമ്പ്യൂട്ടറിൽ നിന്നും ലഭിക്കുന്ന ആകെ അപേക്ഷകളുടെ ക്രോഡീകരിച്ച ലിസ്റ്റ് ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർക്ക് (എൽ.പി/യു.പി. സ്റ്റാറ്റസുള്ള സ്കൂളുകൾ ഉപജില്ലാവിദ്യാഭ്യാസ ആഫീസർക്കും, ഹൈസ്കൂൾ സ്റ്റാറ്റസുള്ള സ്കൂളുകൾ ഡി.ഇ.ഒ യ്ക്കും) 05/08/2014 ന് സമർപ്പിക്കേണ്ടതുമാണ്.** സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ലഭിക്കുന്ന അപേക്ഷകളുടെ പൂർണ്ണ ഉത്തരവാദിത്വം അതാത് സ്കൂളധികാരികൾക്കായിരിക്കും.

18. **അംഗീകൃത അൺഎയ്ഡഡ് ഹൈസ്കൂൾ, അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ എന്നി സ്കൂളുകളിലെ അപേക്ഷകൾ നിശ്ചിത തീയതിക്കുള്ളിൽ ഓൺലൈൻ ചെയ്തതിനുശേഷം, ബന്ധപ്പെട്ട അപേക്ഷകളും ആയതിന്റെ ക്രോഡീകരിച്ച ലിസ്റ്റും സൂക്ഷ്മപരിശോധനയ്ക്കായി ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്ക് 05/08/2014 നുള്ളിൽ സമർപ്പിക്കേണ്ടതാണ്.**

19. അംഗീകൃത അൺഎയ്ഡഡ് എൽ.പി, യു.പി(1 മുതൽ 4 വരെ, 1 മുതൽ 5 വരെ, 5 മുതൽ 7 വരെ, 1 മുതൽ 7 വരെ) എന്നി സ്കൂളുകളിലെ അപേക്ഷകൾ നിശ്ചിത തീയതിക്കുള്ളിൽ ഓൺലൈൻ ചെയ്തതിനുശേഷം, ടി അപേക്ഷകളും ക്രോഡീകരിച്ച ലിസ്റ്റും സൂക്ഷ്മപരിശോധനയ്ക്കായി **05/08/2014** നുള്ളിൽ ബന്ധപ്പെട്ട ഉപജില്ലാവിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

20. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, എം.ജി.എൽ.സി കൾ എന്നി സ്ഥാപനങ്ങളിലെ അപേക്ഷകൾ പൂരിപ്പിച്ച് രക്ഷകർത്താവിന്റെ വരുമാനം, കുട്ടിയുടെ മതം എന്നിവ തെളിയിക്കുന്ന സത്യവാങ്മൂലത്തോടൊപ്പം ബന്ധപ്പെട്ട ഉപജില്ലാവിദ്യാഭ്യാസ ആഫീസർക്ക് **31/07/2014** നുള്ളിൽ സമർപ്പിക്കേണ്ടതാണ്. ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർ ആവശ്യപ്പെടുന്ന രേഖകൾ കൃത്യസമയത്ത് ഹാജരാക്കുവാൻ ടി സ്ഥാപനമേധാവി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എങ്കിൽ മാത്രമെ അപേക്ഷകൾ യഥാസമയം ഓൺലൈൻ ചെയ്യാൻ സാധിക്കുകയുള്ളൂ.

21. **അവസാനതീയതിക്ക് ശേഷം ലഭിക്കുന്നവയും, അപൂർണ്ണമായവയും, മാനദണ്ഡങ്ങൾ പാലിക്കാതെയും ഹാജരാക്കുന്ന അപേക്ഷകൾ യാതൊരുകാരണവശാലും പരിഗണിക്കേണ്ടതില്ല.**

22. അപേക്ഷകരിൽ നിന്നും പൂരിപ്പിച്ച അപേക്ഷകൾ **31/07/2014 വൈകുന്നേരം 5 മണി വരെ സ്വീകരിക്കേണ്ടതാണ്.**

## II ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കുള്ള നിർദ്ദേശങ്ങൾ

1. 2014-15 ലെ പ്രീ-മെട്രിക് സ്കോളർഷിപ്പ് (ന്യൂനപക്ഷ വിഭാഗം) പദ്ധതിപ്രകാരം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ സ്കൂൾ തലത്തിൽ ഓൺലൈനായി സമർപ്പിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ അവരവരുടെ പരിധിയിൽ വരുന്ന സ്കൂളുകളിലെ പ്രധാനാദ്ധ്യാപകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

2. **2014 ജൂൺ 24** ന് മാസ്റ്റർ ട്രെയിനേഴ്സിനും, ഡി.ഇ.ഒ കളിലെ സെക്ഷൻ ക്ലാർക്കുമാർക്കും പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2014-15 വർഷത്തിന് സംബന്ധിച്ച പരിശീലനം നൽകുന്നതാണ്. സ്കൂളധികാരികൾ, അദ്ധ്യാപകർ, ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർ, സെക്ഷൻക്ലാർക്കുമാർ എന്നിവർക്കുള്ള പരിശീലനം **30/06/2014** നുള്ളിൽ **പൂർത്തീകരിക്കുവാൻ മാസ്റ്റർ ട്രെയിനർമാരെ**

ചുമതലപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർ മേൽപറഞ്ഞ ട്രെയിനിംഗിനാവശ്യമായ സൗകര്യം ഒരുക്കേണ്ടതാണ്.

3. **ഇന്റർനെറ്റ്, കമ്പ്യൂട്ടർ സൗകര്യമില്ലാത്ത സ്കൂളുകളിലെ അപേക്ഷകൾ ഓൺലൈൻ ചെയ്യുന്നതിന് ടി സ്കൂളുകളുടെ ഏറ്റവും അടുത്തുള്ള മേൽപറഞ്ഞ സൗകര്യമുള്ള സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകൾക്ക് നിർദ്ദേശം നൽകേണ്ടതും ടി സ്കൂളുകളിലെ ഒരു അദ്ധ്യാപകനെ ആവശ്യമായ സഹായം എൽ.പി, യു.പി സ്കൂളുകൾക്ക് നൽകുന്നതിനായി ചുമതലപ്പെടുത്തേണ്ടതുമാണ്.**

4. എല്ലാ ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാരും കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യമില്ലാത്ത എൽ.പി., യു.പി. സ്കൂളുകളുടെ അപേക്ഷകൾ ഓൺലൈൻ ചെയ്യുന്നതിന് ആവശ്യമായ സൗകര്യം അടുത്തുള്ള ഹൈസ്കൂളുകളിൽ ലഭ്യമല്ലെങ്കിൽ തങ്ങളുടെ ഓഫീസുകളിൽ സൗകര്യം ഒരുക്കേണ്ടതാണ്.

5. ജില്ലാവിദ്യാഭ്യാസ ആഫീസർമാർ, അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ, സർക്കാർ അംഗീകാരമുള്ള അൺ എയ്ഡഡ് ഹൈസ്കൂൾ എന്നീ സ്കൂളുകളിൽ നിന്നും ഓൺലൈൻ ചെയ്തതിനുശേഷമുള്ള ക്രോഡീകരിച്ച ലിസ്റ്റ്, അപേക്ഷകൾ എന്നിവ സ്വീകരിച്ച് സ്കൂളിന്റെ അഫിലിയേഷൻ, വാർഷിക കോഴ്സ് ഫീ എന്നിവ പരിശോധിച്ച്, അപേക്ഷകർ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹരാണെന്ന് ഉറപ്പുവരുത്തിയശേഷം (അർഹരല്ലാത്ത കുട്ടികളെ വെബ്സൈറ്റിൽ നിന്നും നീക്കം ചെയ്തശേഷം) **വെരിഫൈഡ് ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്.** അതോടൊപ്പം ടി അപേക്ഷകൾ ജില്ലാവിദ്യാഭ്യാസ ഓഫീസുകളിൽ തന്നെ സൂക്ഷിക്കേണ്ടതുമാണ്.

6. ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർ സർക്കാർ അംഗീകരിച്ച അൺഎയ്ഡഡ് എൽ.പി/യു.പി സ്കൂളുകളിൽ നിന്നും ഓൺലൈൻ ചെയ്തതിനുശേഷമുള്ള ക്രോഡീകരിച്ച ലിസ്റ്റ്, അപേക്ഷകൾ എന്നിവ സ്വീകരിച്ച് സ്കൂളിന്റെ അംഗീകാരം സംബന്ധിച്ച ഉത്തരവ് വാർഷികവരുമാനം, വാർഷിക കോഴ്സ് ഫീ എന്നിവ പരിശോധിച്ച് അപേക്ഷകർ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹരാണെന്ന് ഉറപ്പുവരുത്തിയശേഷം. (അർഹരല്ലാത്ത കുട്ടികളെ വെബ്സൈറ്റിൽ നിന്നും നീക്കം ചെയ്യുക) **വെരിഫൈഡ് ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്.** അതോടൊപ്പം ടി അപേക്ഷകൾ ഉപജില്ലാവിദ്യാഭ്യാസ ഓഫീസിൽ തന്നെ സൂക്ഷിക്കേണ്ടതുമാണ്.

7. **മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/എം.ജി.എൽ.സി എന്നിവിടങ്ങളിലെ അപേക്ഷകൾ സംബന്ധിച്ച്.**

- എം.ജി.എൽ.സി കൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർ സ്വീകരിച്ച് (ആവശ്യമെങ്കിൽ എം.ജി.എൽ.സി കളിലെ അപേക്ഷകരുടെ വിവരം ബന്ധപ്പെട്ട ബി.ആർ.സി (എസ്.എസ്.എ) കളിലെ രേഖകളുമായി ഒത്തുനോക്കേണ്ടതാണ്) പരിശോധിച്ച ശേഷം ഓൺലൈൻ എൻട്രി ചെയ്യേണ്ടതാണ്.
- മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് സ്കൂൾ കോഡ് നിലവിലില്ലെങ്കിൽ ടി സ്ഥാപനങ്ങളുടെ പൂർണ്ണമായ മേൽവിലാസം ശേഖരിച്ച്, ഐ.റ്റി.@സ്കൂളിലേയ്ക്ക് ഇ-മെയിൽ മുഖേന അഭ്യർത്ഥന നൽകി സ്കൂൾ കോഡ് വാങ്ങിയശേഷം അപേക്ഷകൾ ഓൺലൈൻ ചെയ്യേണ്ടതാണ്.
- മോഡൽ റസിഡൻഷ്യൽ സ്കൂൾ, എം.ജി.എൽ.സി എന്നിവിടങ്ങളിലെ അപേക്ഷകർ, സ്കോളർഷിപ്പ് തുകയുടെ വിതരണം എന്നിവയുടെ ചുമതല ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാരായതിനാൽ അപേക്ഷയിലെ പാർട്ട് II പൂരിപ്പിച്ച് തങ്ങളുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ട് വിവരം രേഖപ്പെടുത്തേണ്ടതാണ്.

8. ജില്ലാവിദ്യാഭ്യാസ ആഫീസർമാരും ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാരും തങ്ങളുടെ അധികാരപരിധിയിൽ വരുന്ന സ്കൂളുകളിൽ പ്രീ മെട്രിക് സ്കോളർഷിപ്പ് (ന്യൂനപക്ഷവിഭാഗം) പദ്ധതിപ്രകാരം ലഭിക്കുന്ന അപേക്ഷകളുടെ ഓൺലൈൻ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി വിലയിരുത്തേണ്ടതാണ്. ഏതെങ്കിലും സ്കൂളുകളിൽ ഓൺലൈൻ ചെയ്യുന്നതിന് തടസ്സം നേരിടുകയാണെങ്കിൽ ജില്ലാ/ഉപജില്ലാ ഓഫീസുകളിലെ ഇന്റർനെറ്റ്/കമ്പ്യൂട്ടർ എന്നിവ ഉപയോഗിക്കുന്നതിന് സൗകര്യം ലഭ്യമാക്കേണ്ടതാണ്.

9. ജില്ലാവിദ്യാഭ്യാസ ആഫീസർമാർ/ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർ തങ്ങളുടെ നിയന്ത്രണത്തിലുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ അംഗീകാരമുള്ള അൺ എയ്ഡഡ് എന്നീ സ്കൂളുകൾ ഒഴികെയുള്ള സ്കൂളുകളിൽ നിന്നും ലഭിക്കുന്ന ഓൺലൈൻ ചെയ്ത ശേഷമുള്ള ക്രോഡീകരിച്ച ലിസ്റ്റ് വെബ്സൈറ്റുമായി 16/08/2014 നുള്ളിൽ സൂക്ഷ്മപരിശോധന നടത്തിയ ശേഷം, അപാകതകൾ കണ്ടെത്തുകയാണെങ്കിൽ ബന്ധപ്പെട്ട സ്കൂളധികാരി മുഖേന ക്രമപ്പെടുത്തേണ്ടതും, തങ്ങളുടെ അധികാര പരിധിയിലെ സ്കൂളുകളിൽ നിന്നും ലഭിച്ച എല്ലാ അപേക്ഷകളും **അപ്‌ലോഡ്** ചെയ്യപ്പെട്ടു എന്നു ഉറപ്പുവരുത്തേണ്ടതുമാണ്.

10. പ്രീ-മെട്രിക് സ്കോളർഷിപ്പ് (ന്യൂനപക്ഷവിഭാഗം) പദ്ധതി 2014-15 പ്രകാരം അർഹരായ അപേക്ഷകരെ കണ്ടെത്തി അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിന് ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാരും, പ്രധാനാധ്യാപകരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

11. നടപ്പുവർഷം മുതൽ Direct Benefit Transfer (DBT) പ്രകാരം സ്കോളർഷിപ്പിന് അർഹത നേടുന്നവരുടെ തുക, വിതരണം ചെയ്യുന്നതിന് ബാങ്ക് അക്കൗണ്ട് നമ്പർ അനിവാര്യമാണ്. ആയതിനാൽ ചുവടെ രേഖപ്പെടുത്തിയ പ്രകാരമുള്ള പൂർണ്ണ വിവരങ്ങൾ അപേക്ഷയിലെ നിർദ്ദിഷ്ട കോളങ്ങളിൽ രേഖപ്പെടുത്തുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, സ്കൂളധികാരികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- എല്ലാ ഷെഡ്യൂൾഡ്/കൊമേർസ്യൽ ബാങ്കുകളിലും സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കാവുന്നതാണ്.
- **10 വയസ്സിനു താഴെയുള്ള കുട്ടികൾ രക്ഷകർത്താവിനൊപ്പം ജോയിന്റായും, 10 വയസ്സിന് മുകളിലുള്ളവർ സ്വന്തം പേരിലും അക്കൗണ്ട് തുടങ്ങേണ്ടതാണ്.**
- ബാങ്കിംഗ് സംബന്ധിച്ച പരാതികൾ അതാത് ജില്ലകളിലെ **ലീഡ് ഡിസ്ട്രിക്റ്റ് മാനേജർക്ക് (LDM)** ഹാജരാക്കേണ്ടതാണ്.
- അപേക്ഷ ഹാജരാക്കേണ്ട അവസാന തീയതിയ്ക്കു ശേഷവും ബാങ്ക് അക്കൗണ്ട് തുടങ്ങാവുന്നതും, ടി അക്കൗണ്ട് നമ്പർ അടക്കമുള്ള വിവരങ്ങൾ സ്കൂൾ അധികാരി മുഖേന '**സംപൂർണ്ണയിൽ**' ചേർക്കാവുന്നതുമാണ്.

12. പുതിയതായി രൂപീകരിച്ച **തളിപ്പറമ്പ, തിരൂരങ്ങാടി, മണ്ണാർക്കാട്** എന്നീ വിദ്യാഭ്യാസ ജില്ലകളുടെ പരിധിയിലുള്ള ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾക്കും, ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീമിലേയ്ക്ക് അപേക്ഷ ഹാജരാക്കുവാൻ അർഹതയുള്ള എല്ലാ വിഭാഗം സ്കൂളുകൾക്കും ആവശ്യമായ **കോഡ് നമ്പറുകൾ** ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഐ.ടി@സ്കൂളുമായി ബന്ധപ്പെട്ട് ലഭ്യമാക്കി അനുവദിക്കേണ്ടതാണ്. **അത്തരം ഉപജില്ലകൾ/സ്കൂളുകൾ എന്നിവ മുമ്പത്തെ വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് - 1. എല്ലാ ഡി.ഡി.മാർക്കും
2. എല്ലാ ഡി.ഇ.ഒ മാർക്കും
3. എല്ലാ എ.ഇ.ഒ മാർക്കും
4. എല്ലാ സ്കൂളധികാരികൾക്കും (എ.ഇ.ഒ/ഡി.ഇ.ഒ മുഖേന)

പകർപ്പ് - എല്ലാ സ്കൂൾ അധികാരികൾക്കും (അൺഎയ്ഡഡ് (അംഗീകാരമുള്ളവ), അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകൾ ഉൾപ്പെടെ) ഡി.ഇ.ഒ/എ.ഇ.ഒ മുഖേന നിർബന്ധമായും നൽകേണ്ടതും ആവശ്യപ്പെടുന്ന സംശയങ്ങൾ തീർത്തുകൊടുക്കേണ്ടതുമാണ്.